# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2756** 10-03-2017-ൽ മറുപടി നൽകേണ്ടത്

## സി-ആപ്റ്റിലെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്.ശർമ്മ | : | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സി-ആപ്റ്റിൽ 2002 ന് ശേഷം നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ തസ്തിക തിരിച്ച് വിശദമാക്കാമോ; | എ) സി-ആപ്റ്റിൽ 2002-ന് ശേഷം ആശ്രിത നിയമങ്ങൾ ഒഴികെ മറ്റ് നിയമനങ്ങൾ നടന്നിട്ടില്ല. ആശ്രിത നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. |
| ബി) 2002-ലെ നിയമനങ്ങൾക്ക് ശേഷം പെൻഷനായി പോയവർ, മരണപ്പെട്ടു പോയവർ തുടങ്ങി സർവ്വീസിൽ നിന്നും എത്ര പേർ പിരിഞ്ഞിട്ടുണ്ടെന്ന് തസ്തികയും പേരും തിരിച്ച് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് രേഖകൾ സഹിതം വിശദമാക്കാമോ; | ബി) 2002-ലെ നിയമനങ്ങൾക്ക് ശേഷം പെൻഷനായി പോയവർ-75 പേർ, മരണപ്പെട്ടുപോയവർ-17, രാജിവച്ച് പോയവർ-67, പുറത്താക്കിയവർ-1 . ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. |

| | |
|---|---|
| സി) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ അച്ചടി ജോലികൾ സി-ആപ്റ്റിന് നൽകുവാൻ നടപടി സ്വീകരിക്കുമോ; ഇതിനായി ഏതെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | സി) വിദ്യാഭ്യാസ വകുപ്പിന്റെ അച്ചടികൾക്ക് മാത്രമായി ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. പൊതുവായി അച്ചടിജോലികൾ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും സി-ആപ്റ്റിന് ലഭിക്കുവാനായി താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1.ജി.ഒ.(ആർ.റ്റി) നം. 1613/94/ഉ.വി.വ, തീയതി 22.10.1994.<br>2. ജി.ഒ.(ആർ.റ്റി) നം.1147/2000/ഉ.വി.വ തീയതി 24.07.2000<br>3.ജി.ഒ.(ആർ.റ്റി) നം. 1697/2003/ഉ.വി.വ, തീയതി 27.11.2003<br>4.ജി.ഒ.(ആർ.റ്റി) നം. 231/11/ഉ.വി.വ, തീയതി 22.09.2011<br>ആയതിന്റെ പകർപ്പ് അനുബന്ധം 'സി' ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**